# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2759

06.11.2019-ലെ മറുപടി

### പാലാ നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മാണി.സി.കാപ്പൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുവരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പാലാ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന പ്രവൃത്തി നടന്നു വരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br>(1) രാമപുരത്തിനും സമീപ വില്ലേജുകൾക്കുമായുള്ള മലങ്കര കുടിവെള്ള പദ്ധതി (സ്റ്റേറ്റ് പ്ലാൻ 12-13; 65.45 കോടി)<br>(2) അകലക്കുന്നം, മുത്തോലി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (NRDWP: 15.47 കോടി)<br>പാലാ നിയോജക മണ്ഡലത്തിൽ വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ടു നടന്നു വരുന്ന മറ്റു പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കൂടാതെ ജലനിധി മുഖേന താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |

| ഗ്രാമപഞ്ചായത്ത് | കുടിവെള്ള പദ്ധതികളുടെ എണ്ണം |
|---|---|
| കരൂർ | 45 |
| തലപ്പലം | 11 |
| മുത്തോലി | 40 |
| ഭരണങ്ങാനം | 30 |
| മീനച്ചിൽ | 25 |
| കൊഴുവനാൽ | 14 |
| **ആകെ** | **165** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ബി) | ആയവയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെ; | (ബി) | കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന അകലക്കുന്നം, മുത്തോലി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് പ്രവർത്തിച്ചു വരുന്നു. (10 ദശലക്ഷം ലിറ്റർ പ്രതിദിനം വിഭാവനം ചെയ്തതിൽ 2.5 ദശലക്ഷം ലിറ്റർ പ്രതിദിനം ഉല്പാദനം നടത്തി വിതരണം ചെയ്തു വരുന്നു)<br>ജലനിധി മുഖേന നടപ്പിലാക്കുന്ന 165 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെങ്കിലും പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | 1. മലങ്കര ഡാം സ്രോതസ്സായി 17 mld ശുദ്ധീകരണശാല സ്ഥാപിച്ച് രാമപുരം, കടനാട്, മേലുകാവ് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് മലങ്കര കുടിവെള്ള പദ്ധതി വിഭാവനം ചെയ്തത്. നീലൂർ ശുദ്ധീകരണശാല, ഞള്ളികുന്ന് GLSR, കാവുംകണ്ടം BP Tank, കാവുംകണ്ടം GLSR എന്നിവയ്ക്കുള്ള സ്ഥലം 9/2016-ൽ ലഭ്യമായി. ബാക്കിയുള്ള സംഭരണികൾക്കുള്ള സ്ഥലം ലഭ്യമായിട്ടില്ലാതിരുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചില്ല. പിന്നീട് ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിക്കും പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, മൂന്നിലവ്, തീക്കോയി, തലനാട്, കരൂർ എന്നീ പഞ്ചായത്തുകൾക്കുകൂടി പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ വേണ്ടി ശുദ്ധീകരണശാലയുടെ ശേഷി 28 ദശലക്ഷം ആയി ഉയർത്തുവാൻ 11/2017-ൽ തീരുമാനിച്ചു. അധികമായി വേണ്ടി വരുന്ന 11 MLD ജലം മലങ്കര ഡാമിൽ നിന്നും ലഭ്യമാക്കുന്നതിന് |
| (ഡി) | പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. അതിനുള്ള നടപടികൾ നടന്നു വരുന്നു. പദ്ധതി റീ ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള സർവ്വേ നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ PPD തിരുവനന്തപുരം ഡിവിഷൻ മുഖേന പുരോഗമിക്കുന്നു. സർവ്വേ നടപടികൾ പൂർത്തീകരിച്ച് റീ ഡിസൈൻ ചെയ്ത് ഡി.പി.ആർ. തയ്യാറാക്കി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.<br>2. അകലക്കുന്നം മുത്തോലി പദ്ധതി-NRDWP ഫണ്ടിന്റെ അഭാവം മൂലം മുടങ്ങിക്കിടന്നിരുന്ന പദ്ധതി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. മാർച്ച് 2020-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## I. സ്റ്റേറ്റ് പ്ലാൻ 2015-16

പാലാ G.L. ടാങ്കിനു സമീപം സബ്ഡിവിഷൻ, സെക്ഷൻ ഓഫീസുകളുടെ നിർമ്മാണം

ഭരണാനുമതി തുക – 40.00 ലക്ഷം രൂപ

പ്രവൃത്തി ബേസ് മെന്റ് ലെവൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. (20%) പുരോഗതിയിലാണ്.

## II. സ്റ്റേറ്റ് പ്ലാൻ 2016-17

കടപ്പാട്ടൂർ നിന്നും നെല്ലിയാനി ടാങ്കുവരെ, കരൂർ പഞ്ചായത്തിനുവേണ്ടി, 200 mm DI പൈപ്പ് സ്ഥാപിക്കുന്ന ജോലി. ടി പ്രവൃത്തി 90% പൂർത്തീകരിച്ചു.

ഭരണാനുമതി തുക – 218 ലക്ഷം രൂപ

## III. സ്റ്റേറ്റ് പ്ലാൻ 2019-20

1. മീനച്ചിൽ, പുലിയന്നൂർ, അകലക്കുന്നം വില്ലേജുകൾക്കായി മുത്തോലി WTP-യിൽ 50 HP CF പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി.

   ഭരണാനുമതി തുക – 8.70 ലക്ഷം രൂപ

   ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. പാലാ മുനിസിപ്പാലിറ്റിക്കായി, 75 HP VT പമ്പ് സെറ്റ് പഴയ പമ്പ് ഹൗസിൽ സ്ഥാപിക്കുന്ന പ്രവൃത്തി

   ഭരണാനുമതി തുക – 15 ലക്ഷം രൂപ

   ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3. പുലിയന്നൂർ, മീനച്ചിൽ, അകലക്കുന്നം വില്ലേജുൾക്കായി മലയിരുത്തി ടാങ്കിലേക്ക് പമ്പ് ചെയ്യുന്നതിനായി മുത്തോലി WTP യിൽ 50 HP C/F പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി.

   ഭരണാനുമതി തുക : 8.70 ലക്ഷം രൂപ

   ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. പുലിയന്നൂർ, മീനച്ചിൽ, അകലക്കുന്നം വില്ലേജുകൾക്കായി, പുലിയന്നൂർ പമ്പിങ് മെയിനിനു

വേണ്ടി 35 HP C/F പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി.

ഭരണാനുമതി തുക – 6.20 ലക്ഷം രൂപ

ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

5. ളാലം, വള്ളിച്ചിറക്കുവേണ്ടി, വേങ്ങാനം വയൽ മുതൽ മൂലക്കുന്നേൽ റോഡ് വരെയും വയവൂർ നെച്ചിപ്പുഴൂർ റോഡു മുതൽ ഇരട്ടപ്പാന കോളനി വരേയും, അരിപ്പാറ കോളനി മുതൽ ഊരാശാല വരെയും വിതരണശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ

ഭരണാനുമതി തുക – 12.60 ലക്ഷം രൂപ

ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

6. പാലാ പുത്തൂനുള്ളിക്കുന്നിൽ ഉള്ള 4.25 MLD ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തനം

ഭരണാനുമതി തുക – 50 ലക്ഷം രൂപ

എസ്റ്റിമേറ്റ് നടപടികൾ പുരോഗമിക്കുന്നു.

IV. Deposit work – PWD

a. പുത്തൻപള്ളിക്കുന്ന് ജംഗ്ഷൻ മുതൽ രാമപുരം റോഡ് വരെ 250 mm DI പൈപ്പ് പുന:സ്ഥാപിക്കുന്ന ജോലി

b. പുത്തൻപള്ളിക്കുന്ന് ജംഗ്ഷൻ മുതൽ വൈക്കം R.V. റോഡ് വരെ 200 mm DI പൈപ്പ് പുന:സ്ഥാപിക്കുന്ന ജോലി

c. പുത്തൻപള്ളിക്കുന്ന് ജംഗ്ഷൻ മുതൽ ചെറുപുഷ്പം റോഡ് വരെ പൈപ്പ് പുന:സ്ഥാപിക്കുന്ന ജോലി

ഭരണാനുമതി തുക – 199 ലക്ഷം രൂപ

പ്രസ്തുത പ്രവൃത്തികൾ 60% പൂർത്തീകരിച്ചു.

**സെക്ഷൻ ഓഫീസർ**